# താടി: സംശയങ്ങളും തെറ്റിദ്ധാരണകളും

**ഗ്രന്ഥകർത്താവ്:** മുഹമ്മദ് അൽ ജിബാലി
**ഗ്രന്ഥം:** താടി: ഇസ്ലാമിന്റെ ചിഹ്നം!
**വിവർത്തനം:** മുഹമ്മദ് സിയാദ്

നബിചര്യയിൽ വ്യക്തമായ രേഖയും, ഇസ്ലാമിലെ മഹാപണ്ഡിതന്മാരുടെ ഏകോപിച്ച അഭിപ്രായവും ഈ വിഷയത്തിലുണ്ടായിട്ടും ഇക്കാലഘട്ടത്തിലെ ഭൂരിഭാഗം മുസ്ലിംകളും താടി വളർത്താത്തവരായി നാം കാണുന്നു. ഭൂരിഭാഗം മുസ്ലിംകളും തങ്ങളുടെ ദീനിന്റെ അദ്ധ്യാപനങ്ങൾ പിന്തുടരുന്നില്ല എന്നതിന്റെ സൂചനകളിൽ ഒന്നാണത്. കൂടാതെ തങ്ങൾ താടി വടിക്കുന്നതിനെ ന്യായീകരിക്കുന്നതിനായി അവർ ആശ്രയിക്കുന്ന ധാരാളം സംശയങ്ങളും തെറ്റിദ്ധാരണകളുമുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് മാത്രം നാം താഴെ എടുത്തു കാട്ടുന്നു.

## വെറും സുന്നത്ത് മാത്രം?

പക്ഷെ, അത് ഒരു സുന്നത്ത് മാത്രമല്ലേ! എന്ന ഒഴികഴിവ് നാം സാധാരണ കേട്ടുവരാറുള്ളതാണ്. അവർ മനസ്സിലാക്കിയതുപ്രകാരം കൂടിയാൽ അതൊരു ഐഛികമായ സുന്നത്ത് മാത്രമാണ്. മുൻകഴിഞ്ഞ ചർച്ചയിൽ നിന്നും, അത് വെറും തെറ്റായ ഒരു ധാരണയാണെന്ന് വ്യക്തമാണ്. എന്നാൽ അത് നിർബന്ധിതമായി കൽപിക്കപ്പെട്ട ഒരു സുന്നത്ത്(ചര്യ) ആണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

## പണ്ഡിതന്മാരുടെ ഫത്വകൾ?

## ചീത്ത മാതൃക

ഈ സുന്നത്തിനെ അവഗണിക്കുകയും അതിനെ കൊച്ചാക്കിക്കൊണ്ട് അടിസ്ഥാനരഹിതമായ ഫത്വകൾ (മതവിധികൾ) നൽകുകയും ചെയ്യുന്ന ആധുനിക പണ്ഡിതന്മാരിലൂടെ ജനങ്ങൾ പലപ്പോഴും വഞ്ചിതരായിട്ടു ്. അങ്ങനെ ആ പണ്ഡിതർ മറ്റുള്ളവർക്ക് തെറ്റായ ഒരു മാതൃക പ്രധാനം ചെയ്യുകയും ഈ സുന്നത്തിനെ അവഗണിക്കാൻ മറ്റുള്ളവർക്ക് ഇവർ പ്രേരണയാവുകയും ചെയ്യുന്നു. അപ്പോൾ, തീർച്ചയായും ഇത് തങ്ങളുടെ പാപഭാരം വർദ്ധിപ്പിക്കുന്നു. ജരീറുബ്നു അബ്ദില്ല നിവേദനം: റസൂൽ(ﷺ) പറഞ്ഞു: ആരെങ്കിലും ഇസ്ലാമിൽ ഒരു ചര്യ നടപ്പിൽ വരുത്തിയാൽ അവന്ന് അതിന്റെ പ്രതിഫലവും അത് പിന്തുടർന്നവരുടെ പ്രതിഫലവും – അവരുടെ പ്രതിഫലം ഒട്ടും കുറയാതെത്തന്നെ – ലഭിക്കുന്നതാണ്. ആരെങ്കിലും ഇസ്ലാമിൽ ഒരു തിന്മ കൊണ്ടുവന്നാൽ അതിന്റെ ഭാരവും അത് പിന്തുടർന്നവരുടെ ഭാരവും അത് പിന്തുടർന്നവന്റെ ഭാരവും – അവന്റെ ഭാരം ഒട്ടും കുറയാതെതന്നെ – അവന്ന് ലഭിക്കുന്നതാണ്. (മുസ്ലിം അഹ്മദും മറ്റും – അഹ്കാമുൽ ജനാഇസ് 226)

അത്തരം തെറ്റായ ഒരു ഫത്വ ഖറദാവി കൊടുത്തിരിക്കുന്നു. സലഫുകളിൽ നിന്നാരും തന്നെ താടി വടിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നത് സത്യം തന്നെയാണ്. എന്നാൽ, അത് ഒരു

പക്ഷെ അവർക്ക് അതിന്റെ ആവശ്യമില്ലാത്തതുകൊണ്ടും അവരുടെ ആചാരം അത് (താടി വളർത്തുക എന്നത്) ആയതുകൊണ്ടുമാകാം. (അൽ ഹലാലു വൽ ഹറാമു ഫിൽ ഇസ്‌ലാം) മുൻകഴിഞ്ഞ ചർച്ചയിൽ നിന്നും ഇത് ഒരു മുടന്തൻ ന്യായമാണെന്ന് വ്യക്തമാണ്. പ്രത്യേകിച്ച് താടി വളർത്തുന്നത് ആചാരമാണ് എന്നതിനേക്കാളുപരി അത് അല്ലാഹുവിന്റെ കൽപനകളിൽ പെട്ടതാണെന്നതുകൊണ്ട്.

## യഥാർത്ഥ പണ്ഡിതന്മാരും വ്യാജപണ്ഡിതന്മാരും

നേതൃത്വം വഹിക്കാനും ഫത്‌വ പുറപ്പെടുവിക്കാനും അർഹരായ എല്ലാവരും യഥാർത്ഥ പണ്ഡിതന്മാരാകണമെന്നില്ല. യഥാർത്ഥ പണ്ഡിതന്മാരെന്നത്, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും തിരുദൂതരുടെ(ﷺ) ചര്യയിൽ നിന്നുമുള്ള വ്യക്തമായ തെളിവുകളുപയോഗിച്ച് ഫത്‌വ നൽകുന്നവരാണ്. കാലം മുന്നോട്ട് ചെല്ലുന്തോറും യഥാർത്ഥ പണ്ഡിതന്മാർ കുറഞ്ഞു കുറഞ്ഞു വരും. എന്നാൽ ഇതൊന്നും വ്യാജപണ്ഡിതന്മാരിലേക്ക് തിരിയാനുള്ള ന്യായീകരണമല്ല.

അബ്ദുല്ലാഹിബ്നു അംറ് നിവേദനം: ''റസൂൽ(ﷺ) പറഞ്ഞു: അല്ലാഹു ജനങ്ങളുടെ ഹൃദയങ്ങളിൽ നിന്നും ഒറ്റയടിക്ക് വിജ്ഞാനം ഊരിയെടുക്കുകയില്ല. മറിച്ച്, ഉലമാക്കളുടെ (യഥാർത്ഥ പണിതന്മാരുടെ) ജീവൻ എടുത്ത് കൊണ്ടാണ് വിജ്ഞാനത്തെ എടുക്കുക. ഉലമാക്കളാരും ബാക്കിയാകാതെ വരുമ്പോൾ, ജനങ്ങൾ അജ്ഞരായ ആളുകളെ മാർഗദർശകരായി നിശ്ചയിക്കും. അവരോട് ചോദിക്കപ്പെട്ടാൽ, അറിവൊന്നും കൂടാതെ അവർ ഫത്‌വ കൊടുക്കും. അങ്ങനെ അവർ (സ്വയം) വഴികേടിലാകുകയും (മറ്റുള്ളവരെ) വഴികേടിലാക്കുകയും ചെയ്യും (ബുഖാരി, മുസ്‌ലിം).

## പ്രവാചകൻ(ﷺ) തന്റെ താടി വെട്ടിച്ചുരുക്കിയിരുന്നു?

പ്രവാചകൻ(ﷺ) തന്റെ താടി വെട്ടിച്ചെറുതാക്കിയിരുന്നു എന്നത് തങ്ങളുടെ താടി വടിക്കുന്നതിനുള്ള ന്യായീകരണമായി ചിലർ പറയാറുണ്ട്. ഇതിന്, അവർ സാധാരണ എടുത്ത് പറയാറുള്ളത് തിർമിദിയിൽ അംറുബ്നു ശുഐബ് തന്റെ പിതാവിൽ നിന്നും, അദ്ദേഹം തന്റെ പിതാമഹനിൽ (ഇബ്നുഉമർ) നിന്നുമായി ഉദ്ധരിച്ച ഒരു റിപ്പോർട്ടാണ്. പ്രവാചകൻ (ﷺ) തന്റെ താടി നീളത്തിലും വീതിയിലും വെട്ടിയൊതുക്കുമായിരുന്നു. എന്നാൽ ഈ റിപ്പോർട്ട് വളരെയധികം ദുർബ്ബലമാണ്. അതുകൊണ്ട് തന്നെ ഇത് തെളിവിന് പറ്റുകയില്ല. (നവവി ശർഹുൽ മുഹദ്ദബിൽ 1:321 വ്യക്തമാക്കിയതാണ് ഇത്). ഇനി ഇത് ദുർബ്ബലമല്ലെങ്കിൽ തന്നെ, ഈ റിപ്പോർട്ട് താടി വെട്ടിച്ചെറുതാക്കാനുള്ള തെളിവ് മാത്രമേ ആകുന്നുള്ളൂ. ഒരിക്കലും വടിക്കാനുള്ള തെളിവാകുന്നില്ല.

## നാം ആരെ തൃപ്തിപ്പെടുത്തണം?

താടി വടിക്കുന്നത് ന്യായീകരിക്കുന്നതിന് വേണ്ടി, ചിലർ പറയുന്ന ഒഴികഴിവ് തങ്ങളുടെ ഭാര്യമാർക്ക് താടിയില്ലാതിരിക്കുന്നതാണ് കൂടുതൽ ഇഷ്ടം എന്നാണ്! അവൻ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. ഈ ജീവിതത്തിൽ നമ്മുടെ ബാധ്യത അല്ലാഹുവിന്റെയും തിരുദൂതരുടെയും വ്യക്തമായ കൽപനകൾ അനുസരിക്കുക എന്നുള്ളതാണ്. അല്ലാതെ, ഭാര്യയുടെയോ മാതാപിതാക്കളുടെയോ സുഹൃത്തുകളുടെയോ മറ്റോ വികൃതമായ ആഭിമുഖ്യങ്ങളെ പിൻപറ്റാനല്ല.

അലി(ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു: അല്ലാഹുവോടുള്ള അനുസരണക്കേട് ഉൾക്കൊള്ളുന്നുണ്ടെങ്കിൽ ആ വിഷയത്തിൽ ഒരു മനുഷ്യനെയും അനുസരിക്കേണ്ടതില്ല. അനുസരണം നല്ല കാര്യങ്ങളിൽ മാത്രമായിരിക്കണം. (ബുഖാരി, മുസ്ലിം. ഇതേ രൂപത്തിലുള്ള ഹദീഥ് അഹ്മദും മറ്റും ഇംറാനുബ്നു ഹുസൈനിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്. അത് പ്രബലമാണെന്ന് അൽബാനി വിധിച്ചിട്ടുണ്ട്, അസ്സ്വഹീഹ ന:179,180).

## അലോസരവും ചൊറിച്ചിലും?

താടി വളർത്തുന്നത് കാരണം കലശലായ ചൊറിച്ചിലും അലോസരവും ഉണ്ടാക്കുന്നതായി ചിലർ വാദിക്കാറുണ്ട്. ശുദ്ധമായ ഫിത്റത്തിലൂടെ നീങ്ങി എന്ന കാരണത്താൽ ഇതൊരിക്കലും സംഭവിക്കുകയില്ല. എന്നാൽ സുന്നത്ത് നിർദ്ദേശിക്കുന്നതനുസരിച്ച് നല്ല നിലക്ക് വൃത്തിയാക്കുന്ന വിഷയത്തിലും വുളു ചെയ്യുമ്പോൾ കഴുകുന്ന വിഷയത്തിലും അശ്രദ്ധ കാണിക്കുന്നത് കൊണ്ടാണ് അത് സംഭവിക്കുന്നത്.

ഇനി, ന്യായവും അസാധാരണവുമായ വല്ല പ്രശ്നവുമുണ്ടെങ്കിൽ തന്റെ താടി പരമാവധി നില നിർത്താൻ സഹായിക്കുന്ന രീതിയിൽ തന്റെ പ്രശ്നത്തിന് പരിഹാരം കാണാനുള്ള മാർഗം നിർദ്ദേശിച്ചു തരുമെന്നുറപ്പുള്ള ഒരു നല്ല മുസ്ലിം ഡോക്ടറെ അവൻ കാണണം.

## തൊഴിൽ ആവശ്യങ്ങൾ?

താടി വടിക്കുവാൻ തങ്ങളുടെ തൊഴിൽ ആവശ്യപ്പെടുന്നുണ്ടെന്നും, അങ്ങനെ ചെയ്തില്ലെങ്കിൽ തങ്ങൾക്ക് ആ തൊഴിൽ നഷ്ടപ്പെടുമെന്നും ചിലർ പറയാറുണ്ട്. പല നിലക്കും ഇത് സത്യമല്ല. ഒരാൾ താടി മതപരമായി ആവശ്യമാണെന്നതിന് തെളിവ് നൽകുകയാണെങ്കിൽ, തൊഴിലുടമക്ക് അയാളോടത് വടിച്ചു കളയാൻ നിർബന്ധിക്കാൻ സാധിക്കുകയില്ല.

ഇനി താടി വളർത്തിയാൽ തന്റെ തൊഴിൽ നഷ്ടപ്പെടുമെന്ന് തോന്നിയാൽ അവന്റെ തന്റെ സാഹചര്യം വെച്ച് അളന്ന് നോക്കി ഏത് തെരഞ്ഞെടുത്താലാണ് തനിക്ക് കൂടുതൽ ദോഷമുണ്ടാവുക – താടി വടിച്ചാലാണോ അതോ അടിമയാക്കി വെക്കുന്ന ആ തൊഴിൽ നഷ്ടപ്പെട്ടാലാണോ– എന്ന് പരിശോധിക്കുക. അതിന്റെയടിസ്ഥാനത്തിൽ പണ്ഡിതന്മാരുമായി ചർച്ച ചെയ്ത ശേഷം അല്ലാഹുവിന് ഏറ്റവും തൃപ്തികരമാകുന്ന ഒരു നടപടി കൈകൊള്ളുക.

## ജീവന് ഭീഷണി?

ചില രാജ്യങ്ങളിൽ താടി വളർത്തുന്നത് മൂലം തങ്ങളുടെ ജീവൻ അപകടത്തിലാവുകയും തങ്ങളുടെ സ്വന്തത്തിനും സ്വത്തുക്കൾക്കും ദീനിന് തന്നെയും ആപത്ത് സംഭവിക്കുകയും ചെയ്യുമെന്ന് ചിലർ വാദക്കാറുണ്ട്. ഇത് സത്യമാണെങ്കിൽ മുമ്പ് കഴിഞ്ഞ ഭാഗത്ത് പറഞ്ഞത് അതിജാഗ്രതയോടെയും യുക്തിപൂർവവുമായ രൂപത്തിൽ അത്കൈകാര്യം ചെയ്യേണ്ടതാണ്.

എന്നാൽ ഭീരുത്വപരമായ ഒരു നിലപാട് സ്വീകരിച്ച് മുഖത്ത് അൽപം രോമം വളരാൻ തുടങ്ങുമ്പോഴേക്കും എല്ലാ തിന്മകളുടെ ശക്തികളും തനിക്കെതിരെ ഒരുമിച്ച് കൂടും എന്ന് ഭയപ്പെടരുത്.